**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ഡിസംബർ<br>DECEMBER | 26 | 2016 |
|---|---|---|



**ശബരിമല പത്രക്കുറിപ്പ്**

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

---

## സന്നിധാനത്ത് കുറ്റമറ്റ സുരക്ഷാസംവിധാനമൊരുക്കും: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

**- മകരവിളക്കിനു മുന്നോടിയായി കൂടുതൽ സുരക്ഷാസംവിധാനമൊരുക്കും**
**- അപകടം: റിപ്പോർട്ട് സമർപ്പിക്കാൻ പൊലീസിന് നിർദേശം**

ശബരിമല: സന്നിധാനത്തും പരിസരങ്ങളിലും സുരക്ഷ കുറ്റമറ്റതാക്കുമെന്നും ശബരിമലയിൽ അടിയന്തരസാഹചര്യങ്ങളെ നേരിടാനുള്ള വിപുലമായ ക്രമീകരണം സർക്കാർ ഒരുക്കുമെന്നും ദേവസ്വം-സഹകരണ വകുപ്പു മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. സന്നിധാനത്തെ ദേവസ്വം സമുച്ചയത്തിൽ നടന്ന പത്രസമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്.

കഴിഞ്ഞദിവസം തിക്കും തിരക്കും മൂലം അപകടത്തിന്റെ പശ്ചാത്തലത്തിൽ സന്നിധാനത്തും പരിസരങ്ങളിലും സുരക്ഷ കുറ്റമറ്റതാക്കാൻ പോലീസിനു നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു. അപകടം സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകാൻ പൊലീസിന് നിർദേശം നൽകിയിട്ടുണ്ട്. സി.സി.റ്റി.വി. കാമറ ദൃശ്യങ്ങൾ

പരിശോധിച്ചും അപകടസ്ഥലത്ത് ഉണ്ടായിരുന്നവരുടെ മൊഴികളും രേഖപ്പെടുത്തിയാവും റിപ്പോർട്ട് തയാറാക്കുകയെന്നും മന്ത്രി പറഞ്ഞു.

ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, ബോർഡ് അംഗങ്ങളായ കെ. രാഘവൻ, അജയ് തറയിൽ, ശബരിമല പൊലീസ് ചീഫ് കോ-ഓർഡിനേറ്ററായ എ.ഡി.ജി.പി. നിതിൻ അഗർവാൾ, ഐ.ജി.മാരായ ദിനേന്ദ്ര കാശ്യപ്, എസ്. ശ്രീജിത്ത്, സന്നിധാനം സ്പെഷൽ ഓഫീസറായ എസ്.പി. എൻ. വിജയകുമാർ, അസിസ്റ്റന്റ് സ്പെഷൽ ഓഫീസർ കാർത്തികേയൻ ഗോകുലചന്ദ്രൻ എന്നിവർ പങ്കെടുത്ത് ഉന്നതതലയോഗം കൂടി സ്ഥിതിഗതികൾ വിലയിരുത്തി. മകരവിളക്ക് കാലത്ത് നടപ്പാക്കേണ്ട സുരക്ഷാ സൗകര്യങ്ങൾ ചർച്ചചെയ്തു.

മകരവിളക്കിന് തീർഥാടകരുടെ തിരക്ക് വർധിക്കുമെന്നാണ് കണക്കാക്കുന്നത്. നട അടച്ചുകിടക്കുന്ന അടുത്ത മൂന്നു ദിവസം കൊണ്ട് സന്നിധാനത്ത് ആവശ്യമായ എല്ലാ മുൻകരുതലും സുരക്ഷാ സൗകര്യങ്ങളും ഒരുക്കും. പൊലീസിന്റെ നിർദേശമനുസരിച്ച് ദേവസ്വം ബോർഡ് ബാരിക്കേഡ് അടക്കമുള്ള കൂടുതൽ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തും. ശബരിമലയിലെ സുരക്ഷാചുമതല പൂർണമായും പൊലീസിനാണ്. പൊലീസ് ആ ജോലി വളരെ ഭംഗിയായും സ്തുത്യർഹമായും നിർവഹിക്കുന്നുണ്ട്. പൊലീസുകാരും മറ്റ് സേനാ വിഭാഗങ്ങളും രാപ്പകലില്ലാതെ പ്രവർത്തിക്കുന്നതു കൊണ്ടാണ് സുഗമമായ തീർഥാടനം നടന്നുവരുന്നത്. ട്രാക്ടർ ഇടിച്ചു മുമ്പ് ചെരിഞ്ഞ ബാരിക്കേഡ് മറിഞ്ഞതാണ് അപകടത്തിനു കാരണമെന്നു പ്രാഥമികമായി കരുതുന്നു. അടുത്ത മൂന്നുദിവസത്തിനുള്ളിൽ ബാരിക്കേഡുകളുടെ ഉറപ്പ് പരിശോധിക്കും. പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ആശുപത്രികളിൽ കിടക്കകളും സൗകര്യങ്ങളും വർധിപ്പിക്കുന്നതിന് പ്രാധാന്യം നൽകുമെന്നും മന്ത്രി പറഞ്ഞു. അപകടത്തിൽ പരുക്കേറ്റ് കോട്ടയം മെഡിക്കൽ കോളജിൽ കഴിയുന്നവരിൽ ആരുടെയും നില ഗുരുതരമല്ല. അവർക്ക് എല്ലാവിധ ചികിത്സാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

പത്രസമ്മേളനത്തിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, ബോർഡ് അംഗങ്ങളായ കെ. രാഘവൻ, അജയ് തറയിൽ, ദേവസ്വം കമ്മിഷണർ സി.പി. രാമരാജ പ്രേമപ്രസാദ് എന്നിവർ പങ്കെടുത്തു.

# അപകടം നടന്ന സ്ഥലം മന്ത്രി സന്ദർശിച്ചു

ശബരിമല: മാളികപ്പുറത്ത് തിക്കിലും തിരക്കിലും പെട്ട് തീർഥാടകർ അപകടത്തിൽപ്പെട്ട സ്ഥലം ദേവസ്വം വകുപ്പു മന്ത്രി കടകംപള്ളി സുരേന്ദ്രൻ സന്ദർശിച്ചു. അപകടമുണ്ടായ സാഹചര്യം വിലയിരുത്തി. രണ്ടുദിവസം മുമ്പ് ട്രാക്ടർ ഇടിച്ച് ഇളകിയ ബാരിക്കേഡ് തിക്കും തിരക്കും ഏറിയതോടെ ചെരിഞ്ഞു. ഇതേത്തുടർന്നാണ് അപകടമുണ്ടായതെന്ന് പൊലീസ് ഉദ്യോഗസ്ഥർ മന്ത്രിയെ ധരിപ്പിച്ചു. മകരവിളക്ക് ഉത്സവത്തിനു മുമ്പ് കൂടുതൽ സുരക്ഷാ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായാണ് മന്ത്രി സ്ഥലം സന്ദർശിച്ചത്.

ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, ബോർഡ് അംഗങ്ങളായ കെ. രാഘവൻ, അജയ് തറയിൽ, ശബരിമല പൊലീസ് ചീഫ് കോ-ഓർഡിനേറ്ററായ എ.ഡി.ജി.പി. നിതിൻ അഗർവാൾ, ഐ.ജി.മാരായ ദിനേന്ദ്ര കാശ്യപ്, എസ്. ശ്രീജിത്ത്, സന്നിധാനം സ്പെഷൽ ഓഫീസറായ എസ്.പി. എൻ. വിജയകുമാർ, അസിസ്റ്റന്റ് സ്പെഷൽ ഓഫീസർ കാർത്തികേയൻ ഗോകുലചന്ദ്രൻ, ദേവസ്വം ഉദ്യോഗസ്ഥർ എന്നിവർ മന്ത്രിക്കൊപ്പമുണ്ടായിരുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 26 | 2016 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd


---

# മണ്ഡലകാല തീർഥാടനത്തിനു സമാപ്തി; മകരവിളക്ക് മഹോത്സവത്തിനായി 30ന് നടതുറക്കും

ശബരിമല: ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ ഇന്നലെ മണ്ഡലകാല ശബരിമല തീർഥാടനത്തിന് സമാപ്തി. 41 ദിനം ശരണം വിളികൾ മുഴങ്ങിയ പൂങ്കാവനത്തിന് ഇനിയുള്ള മൂന്നുദിനങ്ങൾ ധ്യാന നിമിഷങ്ങളുടേതാണ്. കലിയുഗവരദന്റെ ശ്രീകോവിൽ ഡിസംബർ 30ന് വൈകിട്ട് അഞ്ചിന് മകരവിളക്ക് മഹോത്സവത്തിനായി തുറക്കും.

ഇന്നലെ കളഭാഭിഷേകവും കഴിഞ്ഞ് ഉച്ചയ്ക്ക് 12.30 ഓടെ അടച്ച നട വീണ്ടും തുറന്നു. തന്ത്രി കണ്ഠര് രാജീവരുടെയും മേൽശാന്തി ടി. എം. ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും നേതൃത്വത്തിൽ കളഭപൂജ നടത്തി. ദേവസ്വം ബോർഡംഗങ്ങളായ കെ. രാഘവനും അജയ് തറയിലും ഉൾപ്പെടെ ഭാരവാഹികളും സന്നിഹിതരായിരുന്നു. തുടർന്ന് വൈകിട്ട് അഞ്ചിന് വീണ്ടും നട തുറന്നു. രാത്രി പത്തുമണിക്ക് പൂജയ്ക്കു ശേഷം രുദ്രാക്ഷമാലയണിച്ച് ഭഗവനെ ഭസ്മാഭിഷിക്തനാക്കിയതോടെ ഇനിയുള്ള മൂന്നുദിനങ്ങൾ ധ്യാനത്തിന്റേതായി.

നെയ്യഭിഷേകം രാവിലെ പത്തുമണിക്ക് അവസാനിച്ചതോടെ ഉച്ച യോടെ തിരക്കൊഴിയാൻ തുടങ്ങിയിരുന്നു. ദർശനം കഴിഞ്ഞ പര മാവധി ഭക്തരെ സന്നിധാനത്ത് തങ്ങാൻ അനുവദിക്കാതെ സ്വന്തം നാടുകളിലേക്കു പോകുന്നതിനായി പമ്പയിലേക്കു പൊലീസ് തിരി ച്ചയച്ചു.

സർക്കാരിന്റെയും ദേവസ്വംബോർഡിന്റെയും സന്നദ്ധ സംഘടനകളു ടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ വളരെ സുഗമവും കൃത്യതയാർന്നതുമായ തീർഥാടനകാലത്തിന്റെ ആദ്യഘട്ടത്തിനാണ് ഇതിലൂടെ പരിസമാപ്തിയായത്. പ്ലാസ്റ്റിക്കിനെ പരമാവധി ഒഴിവാ ക്കി ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലായിരുന്നു ഇക്കുറി പമ്പയും സന്നിധാനവും ശരണവഴികളും. പ്ലാസ്റ്റിക് കുപ്പിവെള്ളം ഒ ഴിവാക്കുന്നതിനായി പമ്പയിലും സന്നിധാനത്തേക്കുള്ള പാതയിലും വാട്ടർ അതോറിറ്റി ശുദ്ധീകരിച്ച വെള്ളം സജ്ജമാക്കിയിരുന്നു. ശര ണപാതകളിലെയും സന്നിധാനത്തും പരിസരങ്ങളിലുമുള്ള മാലിന്യ ങ്ങൾ അന്നന്നു തന്നെ നീക്കം ചെയ്തു. ഇതുമൂലം ദുർഗന്ധമോ ഈച്ച ശല്യമോ അനുഭവപ്പെട്ടില്ല.

പുണ്യം പൂങ്കാവനം പരിപാടിയിലൂടെ സന്നിധാനം വൃത്തിയായി സൂ ക്ഷിക്കാൻ കഴിഞ്ഞു. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നട തുറന്ന വൃശ്ചികം ഒന്നിനു തന്നെ സന്നിധാനത്ത് എത്തി പ്രവർത്ത നങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകി. സർക്കാരും ദേവസ്വം ബോർഡും ഒരേമനസോടെ നീങ്ങിയതിനാൽ കാര്യങ്ങൾ സുഗമമാ യി. സന്നിധാനവും പരിസരവും വൃത്തിയാക്കുന്നതിന് ആവിഷ്കരി ച്ച പുണ്യം പൂങ്കാവനം പദ്ധതിയാണ് ഏറെ ശ്രദ്ധിക്കപ്പെട്ടത്. പ്രതിപ ക്ഷ നേതാവ് രമേശ് ചെന്നിത്തല, ജില്ലാ കളക്ടർ ആർ. ഗിരിജ, ദേ വസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, ബോർഡം ഗങ്ങളായ അജയ് തറയിൽ, കെ. രാഘവൻ, ഉന്നതാധികാര സമിതി ചെയർമാൻ കെ. ജയകുമാർ തുടങ്ങി പ്രമുഖരൊക്കെ പുണ്യം പൂ ങ്കാവനം പരിപാടിയിൽ പങ്കാളികളായി.

ദ്രുതകർമ സേനാംഗങ്ങൾ ആഴ്ചയിലൊരിക്കൽ പരിപാടിയിൽ പ ങ്കെടുത്തു. കോയമ്പത്തൂരിൽ നിന്ന് അവരുടെ ട്രെയിനികൾ എല്ലാ ഞായറാഴ്കളിലും സന്നിധാനത്ത് എത്തി. സന്നിധാനത്ത് ഡോ. ജി. സുരേഷ്കുമാറിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം കൈയും മെയ്യും മറന്ന് സ്തുത്യർഹമായ സേവനമാണ് കാഴ്ചവ ച്ചത്. പൊലീസും വിവിധ സേനാ വിഭാഗങ്ങളും ചേർന്ന് തീർഥാട കർക്ക് വളരെ സുഗമമായ ദർശന സൗകര്യമാണ് ഒരുക്കിയത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.